(ബി) മരച്ചീനി കൃഷി പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനുവേണ്ടി കർഷകർക്ക് എന്തൊക്കെ സൗജന്യങ്ങൾ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) മരച്ചീനി കൃഷിക്ക് മാത്രമായി ഇപ്പോൾ പദ്ധതികളില്ല. കിഴങ്ങു വിളകളുടെ പ്രോത്സാഹനത്തോടൊപ്പം മരച്ചീനി കൃഷിക്കും പ്രോത്സാഹനം നൽകുന്നതാണ്.

പുൽക്കൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതികൾ

127 ([T]1953)ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ആർ. ലതാദേവി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുൽക്കൃഷി വ്യാപകമാക്കുന്നതിന് ഉള്ള എന്തെല്ലാം പദ്ധതികൾ സംസ്ഥാനത്ത് നടന്നു വരുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) നടപ്പുവർഷം നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) പുൽക്കൃഷിക്കാർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ)-(സി) പുൽക്കൃഷി വ്യാപകമാക്കുന്നതിന് കൃഷി വകുപ്പ് പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. ക്ഷീര വികസന വകുപ്പിന് ഒരു പദ്ധതി നിലവിലുണ്ട്.

കാപ്പിക്ക് താങ്ങുവില

128(1954)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പിയുടെ വില ക്രമാതീതമായി കുറഞ്ഞു വരുന്നതുകൊണ്ട് കേരളത്തിലെ കാപ്പി കർഷകർ ദുരിതം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാപ്പിക്ക് താങ്ങുവില പ്രഖ്യാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

[T] മാറ്റ് വയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) ഇതിനെക്കുറിച്ച് അന്വേഷിക്കുന്നതാണ്. ആവശ്യമെങ്കിൽ താങ്ങുവില പ്രഖ്യാപിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാം.

കശുമാവ് കൃഷിക്കാർ

129 (1955)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുമാവ് കൃഷിയെ നശിപ്പിക്കുന്ന വിധത്തിൽ കീടങ്ങളുടെ ആക്രമണം ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കീടങ്ങളെ നശിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) കശുമാവ് നശിക്കുന്ന കർഷകർക്ക് സഹായധനം നൽകാൻ നടപടി എടുക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തേയില കൊതുക്, തടി തുരപ്പൻ എന്നീ കീടങ്ങളുടെ ആക്രമണം സാധാരണ ഉണ്ടാകാറുണ്ട്. ഈ വർഷം കീടാക്രമണം കൂടുതലായി ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) കീടാക്രമണംമൂലം കശുമാവ് നശിച്ചാൽ സഹായധനം നൽകുന്ന പദ്ധതികൾ ഇപ്പോൾ നിലവിലില്ല.

നാളികേര കൃഷി ആദായകരമാക്കാൻ നടപടി

130 (1956)ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരത്തിന്റെ ഉൽപ്പാദനം 1997-98, 1998-99, 1999-2000 വർഷങ്ങളിൽ എത്ര വീതമായിരുന്നു;

(ബി) ഉൽപ്പാദനത്തിൽ കുറവു വരുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) നാളികേരോല്പാദനം വർദ്ധിപ്പിക്കുന്നതിനും, നാളികേരകൃഷി ആദായകരമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

വർഷം	(മില്ല്യൻ തേങ്ങ)
1996-97	- 5274
1997-98	- 5209
1998-99	- 6672
1999-2000	- കണക്ക് ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly